**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1570** **10-10-2024 - ൽ മറുപടിയ്ക്ക്**

**വാഴൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ വാഴൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക, അധിക ഏരിയയുടെ ഉപയോഗം എന്നിവ നിശ്ചയിച്ച് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച ഇ3/38/2024-ടാക്സസ് എന്ന ഫയൽ തീർപ്പാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; പ്രസ്തുത ഫയലിന്റെ അന്തിമ തീർപ്പ് ഉത്തരവ്/കത്ത് എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ? | (എ) | *കോട്ടയം ജില്ലയിലെ വാഴൂർ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 68.82 ച.മീ. ഏരിയക്ക് 13.02.2021 മുതലുള്ള വാടക നിശ്ചയിക്കുന്നതിന് രജിസ്ട്രേഷൻ ഐ.ജി-ക്ക് അനുമതി നൽകിക്കൊണ്ട്* 17-05-2024 തീയതിയിലെ സ.ഉ. (സാധാ) 416/2024/TAXES *നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച് ഇ3/38/2024-ടാക്സസ് എന്ന ഫയൽ തീർപ്പാക്കിയിട്ടുണ്ട്.*<br><br>*ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - കോട്ടയം ജില്ലയിലെ വാഴൂർ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.416/2024/TAXES തീയതി,തിരുവനന്തപുരം, 17-05-2024

---

പരാമർശം:- രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 12.11.2023-ലെ IGR/4544/2021-Fin3 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശകത്ത് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിലെ വാഴൂർ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കൊടുങ്ങൂർ രാമവിലാസം എൻ.എസ്.എസ്.കരയോഗം 690-ന്റെ ഉടമസ്ഥതയിലുള്ള വാഴൂർ ഗ്രാമപഞ്ചായത്ത് വാർഡ് 8 - ൽ 4-ാം നമ്പർ കെട്ടിടത്തിന്റെ 68.82ച.മീ. ഏരിയയ്ക്ക് പ്രതിമാസം ₹9947/- (ഒൻപതിനായിരത്തി തൊള്ളായിരത്തി നാൽപത്തി ഏഴ് രൂപ മാത്രം) നിരക്കിൽ 13/02/2021 മുതൽ 5 വർഷത്തേക്ക് വാടക നിശ്ചയിക്കുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷജില എസ്
ഡെപ്യൂട്ടി സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് ആൻഡ് ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി )
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



File No. TAXES-E3/38/2024-TAXES (Computer No. 2698153)
Generated from eOffice by MUFTHI NUJUM, SG-ASST (E3) TAXES, SG-ASST (E3) TAXES, Tax Department on 08/10/2024 12:21 PM